"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സോമരാജൻ ആർ.-ന്റെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്

G.O.(Rt) No.1183/2020/LSGD തീയതി,തിരുവനന്തപുരം. 17/06/2020

പരാമർശം:- 1 സ.ഉ. (സാധാ) നം.2989/2012/തസ്വഭവ തീയതി 31.10.2012.

2 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.01.2020, 01.06.2020 എന്നീ തീയതികളിലെ ഇ1/14976/2017/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

പരാമർശിത ഉത്തരവ് പ്രകാരം അസി.എക്സി.എഞ്ചിനീയറായി സ്ഥാനക്കയറ്റം ലഭിച്ച ശ്രീ. സോമരാജൻ ആർ.-ന്റെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിക്കുന്നതിനായി തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (2) കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചു.

ശ്രീ. സോമരാജൻ ആർ. അസി.എക്സി.എഞ്ചിനീയർ തസ്തികയിൽ സ്ഥാനക്കയറ്റത്തെത്തുടർന്ന് 05.11.2012 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിക്കുകയുണ്ടായി. ടിയാൻ പ്രൊബേഷൻ കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും വിനിയോഗിച്ചിട്ടില്ല. കൂടാതെ, ടിയാനെതിരെ മേജർ പെനാൽറ്റിക്കുള്ള അച്ചടക്ക നടപടികളൊന്നും നിലനിൽക്കുന്നില്ല. ടിയാന്റെ പ്രൊബേഷൻ കാലയളവിലെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്ന് ടിയാന്റെ മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ശ്രീ. സോമരാജൻ ആർ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 20(ബി) പ്രകാരം 05.05.2013 പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GOPAKUMAR U
UNDER SECRETARY

പകർപ്പ്:

1. ശ്രീ. സോമരാജൻ ആർ., അസി.എക്സി.എഞ്ചിനീയർ (തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന)
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SREEKANTH G
Date: 2020.0_ 22:21:20 IST
Reason: Approved
സെക്ഷൻ ഓഫീസർ